# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് എം.എസ്.സി. - പി.എച്ച്.ഡി. പ്രോഗ്രാമിന്റെ എം.എസ്.സി. ഭാഗത്തിന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ എം.എസ്.സി. കെമിസ്ട്രി (ഓർഗാനിക് കെമിസ്ട്രി/ഇൻഓർഗാനിക് കെമിസ്ട്രി/ഫിസിക്കൽ കെമിസ്ട്രി/പോളിമർ കെമിസ്ട്രി) ബിരുദവുമായി തുല്യത അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.6373/എ5/1/4677/തുല്യത/2017/അക്കാദമിക് പി.ഡി.ഹിൽസ്,തീയതി: 30.10.2017

---

സൂചന:- 1) സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ വിദ്യാർത്ഥികളുടെ അപേക്ഷ, തീയതി 26.07.2017
2) ഡയറക്ടർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്-ന്റെ അഭിപ്രായം, തീയതി 26.07.2017
3) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്-ന്റെ അഭിപ്രായം, തീയതി 09.08.2017.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിന്നും 2013-15 അദ്ധ്യയനവർഷത്തിൽ ഇന്റഗ്രേറ്റഡ് എം.എസ്.സി.-പി.എച്ച്.ഡി. പ്രോഗ്രാമിന്റെ എം.എസ്.സി. ഭാഗം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത ബിരുദത്തിന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ എം.എസ്.സി. കെമിസ്ട്രി ബിരുദവുമായി തുല്യത അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, വകുപ്പ് മേധാവിയുടെ അഭിപ്രായത്തിൽ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഇന്റഗ്രേറ്റഡ് എം.എസ്.സി. - പി.എച്ച്.ഡി. പ്രോഗ്രാമിലെ വിദ്യാർത്ഥികളും റഗുലർ എം.എസ്.സി. പ്രോഗ്രാമിലെ വിദ്യാർത്ഥികളും ഒരേ ക്ലാസിൽ ഒരേ സിലബസ്സിൽ പഠിച്ച് ഒരേ പരീക്ഷകളും എഴുതി എം.എസ്.സി. പാസ്സായിട്ടുള്ളതാണ്.

അതിനാൽ ഇരുബിരുദങ്ങൾക്കും തുല്യത നൽകുവാൻ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി സൂചന (2) പ്രകാരം ശിപാർശ ചെയ്തു.

ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ്, ഇരു പ്രോഗ്രാമുകളുടെയും സ്കീമും, സിലബസും, പരിശോധിക്കുകയും, ആയത് രണ്ടും പൂർണ്ണമായും തുല്യമാണെന്ന് അഭിപ്രായപ്പെടുകയും തുല്യത നൽകാമെന്ന് സൂചന (3) പ്രകാരം ശിപാർശ ചെയ്തു.

മേൽ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം ബഹു: വൈസ് ചാൻസലറുടെ 22.08.2017-ലെ ഉത്തരവിൻ പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

പ്രസ്തുത വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഇന്റഗ്രേറ്റഡ് എം.എസ്.സി.- പി.എച്ച്.ഡി. പ്രോഗ്രാമിന്റെ എം.എസ്.സി. ഭാഗത്തിന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ എം.എസ്.സി. കെമിസ്ട്രി (ഓർഗാനിക് കെമിസ്ട്രി/ ഇൻഓർഗാനിക് കെമിസ്ട്രി/ഫിസിക്കൽകെമിസ്ട്രി/പോളിമർ കെമിസ്ട്രി) ബിരുദവുമായി തുല്യത നൽകുന്ന വിഷയം മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാര മുള്ള പ്രത്യേക അധികാരത്താൽ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി. എന്നിവരുടെ പി.എസ്
2. രജിസ്ട്രാറുടെ പി.എ.
3. എ.ആർ III/ഡി.ആർ. II/ജെ.ആർ II (അക്കാദമിക്)
4. എസി.സി./എസി.ഡി.
5. കണ്ടന്റ് മാനേജ്മെന്റ്/ഐ.ക്യു.എ.സി.
6. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. AcAV/1/4677/2017